(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണോ ഈ പ്രവൃത്തി നൽകിയത്; പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനേക്കാൾ പ്രസ്തുത ആപ്ലിക്കേഷനുള്ള മേന്മ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ?

ലോക ബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി അന്താരാഷ്ട്ര ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഈ സംരംഭങ്ങളെ സെലക്ട് ചെയ്തത്. പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനേക്കാൾ പ്രസ്തുത ആപ്ലിക്കേഷനുള്ള മേന്മകൾ ചുവടെ ചേർക്കുന്നു.

1. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമാണ്. ഇതിന്റെ രൂപകൽപ്പന, നടപ്പാക്കൽ, പരിപാലനം എന്നിവയ്ക്കായി 8 വർഷത്തേയ്ക്ക് വ്യക്തമായ കരാർ വ്യവസ്ഥകൾ നിലവിലുണ്ട്.

2. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് രൂപകൽപ്പന ചെയ്തു നടപ്പാക്കുന്നത് ലണ്ടൻ ആസ്ഥാനമായ ലോകപ്രസിദ്ധ ട്രാൻസ്പോർട്ട് ലബോറട്ടറീസ് യു.കെ. എന്ന സ്ഥാപനമാണ്. റോഡ് ആസ്തികളുടെ പരിപാലനത്തിനാവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ ഒരുക്കുന്നതിൽ ഇവർ മുൻനിരയിലുള്ളവരാണ്.

3. പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് വഴി സമർപ്പിക്കുന്ന പരാതികളുടെ തൽസ്ഥിതി ആപ്പിലൂടെ തന്നെ പരാതിക്കാരന് അറിയുന്നതിന് സാധിക്കും.

(സി) പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷൻ പ്രവർത്തനക്ഷമ മല്ലാതെയാകാനുള്ള കാരണം വെളിപ്പെടുത്തുമോ?

പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്പിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം പരാതി സമർപ്പിക്കുന്നത് പലപ്പോഴും സാദ്ധ്യമല്ലാതായി. ആപ്പുവഴി കിട്ടുന്ന പരാതികൾ മോണിറ്റർ ചെയ്ത് അവ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാനുള്ള ഓൺലൈൻ പോർട്ടൽ സൗകര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായി ഒരുക്കിയിരുന്നില്ല.

**കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ**

5(4015) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ എവിടെയെല്ലാമാണ് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ നടന്നുവരുന്നത്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കുടുംബാരോഗ്യകേന്ദ്രം അരിക്കുളം, കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസ്, ചെറുവണ്ണൂർ വില്ലേജ് ഓഫീസ്, താലൂക്കാശുപത്രി കൊയിലാണ്ടി, ജെ.എഫ്.സി.എം. കോടതി, എസ്.എ.ആർ.ബി.ടി.എം. കോളേജ് മുചുക്കുന്ന്, കൊയിലാണ്ടി മുനിസിപ്പാലിറ്റി, കോടതി സമുച്ചയം, സബ് ജയിൽ കൊയിലാണ്ടി എന്നിവിടങ്ങളിൽ പൊതുമരാമത്ത് വൈദ്യുതീകരണ അനുബന്ധ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുവാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

നിലവിൽ ടെണ്ടറുകളൊന്നും ചെയ്തിട്ടില്ല. വാർഷിക പദ്ധതി 2018-19-ൽ ഉൾപ്പെട്ട ഗവൺമെന്റ് എൽ.പി. സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം സാങ്കേതികാനുമതി നൽകിയിട്ടില്ല. അതുപോലെ എൽ.എ.സി.-എ.ഡി.എസ് 2017-18-ൽ ഉൾപ്പെട്ട കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വൻമുഖം സ്കൂളിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല.

(സി) കൊയിലാണ്ടി താലൂക്കാശുപത്രിയിലേയ്ക്കായി 250 കെ.വി.എ. വൈദ്യുതി സപ്ലൈ ലഭ്യമാക്കാൻ വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്കാശുപത്രിയിൽ 160 കെ.വി.എ. ട്രാൻസ്ഫോമറും 125 കെ.വി.എ. ജനറേറ്ററും 2018-ൽ പൊതുമരാമത്ത് വൈദ്യുതി വിഭാഗം മുഖേന സ്ഥാപിച്ചിട്ടുണ്ട്. 250 കെ.വി.എ. ജനറേറ്ററിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുത ബിൽ പരിശോധിച്ചപ്പോൾ 78 കെ.വി.എ. മാത്രമാണ് മാക്സിമം ഡിമാൻഡായി വരുന്നത് എന്ന് കാണുകയുണ്ടായി. നിലവിലെ 160 കെ.വി.എ. തന്നെ വൈദ്യുതി ഭാരം താങ്ങാൻ പ്രാപ്തമാണ് എന്നതിനാൽ എസ്റ്റിമേറ്റ് നടപടികളുമായി മുന്നോട്ട് പോയിട്ടില്ല.

(ഡി) മണ്ഡലം പരിധിയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ വൈദ്യുതീകരണമാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തീകരിക്കാതെ അവശേഷിക്കുന്നതെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

1. 2020/3334- വാർഷിക പദ്ധതി 2018-19 ഗവൺമെന്റ് എൽ.പി. സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2. S.A.R.B.T.M. കോളേജിലെ മെൻസ് ഹോസ്റ്റലിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**കെട്ടിടത്തിന്റെ വാല്യൂവേഷൻ നിശ്ചയിക്കൽ**

6(4016) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് കാർഷിക കോളേജിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ വാല്യൂവേഷൻ നിശ്ചയിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാല്യൂവേഷൻ നടപടി പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ കാർഷിക കോളേജിനായി കണ്ടെത്തിയ കൊല്ലങ്കോട് മുതലമട 1 വില്ലേജിൽ ആട്ടയാമ്പതിയിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജി (പിസാറ്റ്) എന്ന പേരിൽ പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിന്റെ വാല്യൂഷൻ റിപ്പോർട്ട് ജില്ലാ കളക്ടർ, പാലക്കാടിന് സമർപ്പിച്ചിട്ടുണ്ട്. വാല്യൂഷൻ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർ നൽകിയ കത്തിൽ നെന്മാറ കാർഷിക കോളേജ് എന്നാണ് പറഞ്ഞിട്ടുള്ളത്.

**മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം**

7(4017) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി ഗാർഡൻ ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഡി.റ്റി.പി.സി. ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തീയതിയും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly